


# ഇ തൂലിക

## സെന്റ് പോൾസ് ഹയർസെക്കണ്ടറി സ്കൂൾ വലിയകുമാരമംഗലം

# *Our Heavenly Patron*



# *Our Local Manager*
# *Fr. George Chollanal*



# Our Headmaster

## Joshy Antony





# എഡിറ്റോറിയൽ

**ഒരു സഹസ്രാബ്ദത്തിന്റെ അവസാനത്തിൽ**

**ഇരുപത്തിയൊന്നാം നൂറ്റാണ്ടും സ്വപ്നം കണ്ടിരുന്ന നമ്മുടെ മുമ്പിൽ പ്രശ്നങ്ങളുടെ മാറാല തന്നെ നാം തീർത്തിരിക്കുകയാണല്ലോ നമ്മുടെ അലസതയും വൈരാഗ്യബുദ്ധിയും ഉപേക്ഷിച്ച ആത്മാർത്ഥതയിലൂടെയും സ്നേഹത്തിലൂടെയും കഠിനപ്രയത്നങ്ങളിലൂടെയും സഞ്ചരിച്ച അടുത്ത നൂറ്റാണ്ടിലെങ്കിലും നമ്മുടെ ഭാരതത്തെ ലോകത്തിന്റെ നെറുകയിൽ എത്തിക്കുക എന്നതായിരിക്കണം ഈ തലമുറയുടെ കർത്തവ്യം അതിനായി നാം ഇപ്പോൾ മുതൽ ഉണർന്നു**

**പ്രവർത്തിക്കേണ്ടതായുണ്ട്. അതിനായുള്ളതാ**

**വട്ടെ നമ്മുടെ പരിശ്രമങ്ങൾ.**

**സസ്നേഹം**

**എഡിറ്റർ**

# സന്ദേശം

**പൊ**തുവിദ്യാലയങ്ങൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഐ സി ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളമൊട്ടാകെ ഒരു വിദ്യാഭ്യാസ വിപ്ളവം നടക്കുന്ന കാലഘട്ടമാണല്ലോ ഇത് ശാസ്ത്രസാങ്കേതിക വിദ്യകളുടെ സഹായത്തോടെ നൂതനവും കാലികവുമായ പഠനരീതികളാണ് നമ്മുടെ ക്ലാസ് മുറികളെ സജീവമാക്കുന്നത് അതിവേഗം വളരുന്ന ആധുനിക ലോകത്തിന്റെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ നമ്മുടെ കുട്ടികളെയും പ്രാപ്തരാക്കുന്ന ലിറ്റിൽ കൈറ്റ്സ് ഇതിനോടകം തന്നെ ഏവരുടെയും പ്രശംസ പിടിച്ചു പറ്റിക്കഴിഞ്ഞു പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഈ വിദ്യാലത്തിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ തയാറാക്കുന്ന ഇ തൂലിക എന്ന ഈ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു നാടിനും വീടിനും അഭിമാനിക്കത്തക്കവിധത്തിൽ ഈ ഐ റ്റി കൂട്ടായ്മയിലൂടെ നമ്മുടെ കുട്ടികൾ വളർന്നു വരട്ടെ.

ഹെഡ്മാസ്റ്റർ

# പേജുകൾക്കിടയിലൂടെ....

## Table of Contents

അരികെ....8
മഷി....9
നെല്ലിക്ക....10
പുതുമഴ....11
നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?....12
കൂപ്പുകൈ....13
നിഴലുകൾ....14
സാഹസം....15
കൗസല്യാവാക്യം....16
കൊതുകിന്റെ കൊതി....17
തണുത്തുറഞ്ഞ മരുഭൂമികൾ....18
ഉത്തരം....19
വർഷം....20
വൃക്ഷാലയം....21
ആമവിചാരം....22
മലയാളം....23
വർഷപാതമെവിടെ?....24
കാഴ്ചകൾ....25
മനസ്സറിയാതെ....26
സാന്ത്വനം....27
സ്വർണ ആപ്പിളുകൾ....28
സ്വർണക്കിളി....30
കിങ്ങിണിപ്പൂച്ച....32
വിദ്യാഭ്യാസത്തിൽ കലകൾക്കുള്ള സ്ഥാനം....34
ഹരിതം....35
പ്രസംഗം ഒരു കല....36

# അരികെ

നീയടുത്തിരിക്കുമ്പോൾ
തുഴ തിരിച്ചുകിട്ടിയ മുക്കുവനെപ്പോലെ
മനസ്സിൽ,പെരുമീനുദിച്ചുയരുകയാണ്..
വറ്റിപ്പോയിരുന്ന കാറ്റ്,തിരിച്ചുവന്ന്
ഊതി വിറപ്പിക്കുന്ന കൊടിപോലെ
സ്വാതന്ത്ര്യത്തിലേക്കു പറക്കുകയാണ്.
വീണ്ടും മുളച്ചു വിടരുന്ന ചിറകുനോക്കി
മീവൽപ്പക്ഷി ചുണ്ടുപിളർത്തുകയാണ്..
നീയരികിലുള്ളപ്പോൾ,
ശിശിര വാത്സല്യം പൊഴിച്ചോടുത്ത ഇലകളിൽ
നിലാവ്,വെള്ളിച്ചാറു തളിക്കുകയാണ്.
കെട്ടുപോയ കിനാക്കളുടെ മരുമണലിൽ
ഒറ്റനക്ഷത്രം,ജ്വലിച്ചു കൈചൂണ്ടുകയാണ്..
ആനന്ദഭൈരവി പാടുന്ന കുയിലിനൊപ്പം
മയിൽ, പീലിക്കണ്ണുകൾ വിരുത്തുകയാണ്.
നീയരികിലുള്ളപ്പോൾ,
ദിനരാത്രങ്ങളുടെ ചാക്രികാവേഗമോ
പ്യൂപ്പയ്ക്കുള്ളിൽ നിന്നു ശലഭമുയിരിടുന്നതോ
വർഷമാപിനിയിൽ വെയിലു കൂടുവെയ്ക്കുന്നതോ
ഒന്നുമറിയുന്നില്ല ഞാൻ.
അലൗകികമായ ആ സാമീപ്യം
വിരലുകളുടെ കമ്പനം
ഹൃദയമിടിപ്പിന്റെ താളം...
നീയടുത്തുണ്ടെന്ന സ്വപ്നത്തിൽ നിന്ന്
ഉണർത്തരുതേ...

അക്സാ ജെ എസ്

# മഷി

ഒരു കുഴലെന്നെ
വലിച്ചെടുത്ത്
കുടിക്കുകയായി.
ഇരുട്ടറകളിൽ ഞാൻ
നെട്ടോട്ടമോടുകയായി.
ഒരു കുഞ്ഞ് വിരൽത്തുമ്പ്
എന്നെ പുറത്തിറക്കി
പുസ്തകത്താളിൽ ഞാൻ
കളിച്ചുരസിക്കുകയായി.



അഞ്ചൽ മരിയ മാത്യു

# നെല്ലിക്ക

ഇലപ്പച്ച ഇരന്നുവാങ്ങി
സ്വയമണിഞ്ഞവൾ
ലോകത്തോളം പഴകിയ
മനുഷ്യദു:ഖങ്ങളെ
കയ്പാക്കി കുറുക്കിയെടുത്ത്
തന്റെ രുചിയിതെന്ന്
ഉറക്കെ പറഞ്ഞവൾ
ആദ്യാനുരാഗത്തിൻ
കൊടും നിരാസം
ചവർപ്പാക്കി സൂക്ഷിക്കുന്നു...
നീ!
എത്രാക്കൊമ്പുകളിലെ
സുഖജാലങ്ങൾ
പുളപ്പായി നിന്നിലുറയുന്നു....
വിശ്വസിക്കുവതെങ്ങനെ
നിന്നിലെ മധുരത്തെ?
ആ മധുരം കിനിഞ്ഞൂറുന്നത്
നീയില്ലാതാകുമ്പോഴാണല്ലോ!

ഡയാന തോമസ്

# പുതുമഴ

കണ്ടുഞാൻ ആകാശപ്പരപ്പിൽ-
അഴകൊട്ട കാർമേഘ കൂട്ടങ്ങളെ ,
ആകാശമാകുന്ന ഓളപ്പരപ്പിൽ
നാട്യമതങ്ങനെ ചെയ്യുമ്പോൾ
അകലെയകലേനിന്നോരൊ
കാർ മേഘപാളികൾ
ആകാശചെരുവിലൊളിച്ച
കാർമേഘ കൂട്ടങ്ങൾ
കണ്ണീരാൽ ഭൂമി നിറച്ചു.

അജോ സജി

# നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?


ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ-
ക്കിരയുമായിതാ തിടുക്കത്തിൽ പറ-
ന്നണയുന്നു പൊട്ടെന്നവൾ നടുങ്ങുമന്നു
പിടയുന്നു ചുറ്റിപ്പറന്നഴലുന്നു
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു
നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു.



ജിറ്റോ ജോസഫ്

# കൂപ്പുകൈ

ഗംഗാ നീരൊഴുകുന്ന പാൽകടലിൽ
താനെ മുളച്ചോരു ചെന്താമര
പുലരി നോക്കുന്ന നേരം മൊട്ടുപൂവ്
ഉച്ചക്ക് നേരെ വിരിയും പൂവ്
അന്തിക്ക് നോക്കുമ്പോ വാടും പൂവ്
എങ്ങനെ ഞാനീ പൂവിറുക്കും ?



തെരേസ റോയി

# നിഴലുകൾ

നിഴലുകൾ മായുന്നു. നിഴലുകൾ മായുന്നു
രാത്രിതൻ മൂകാന്തരാത്മാവിൽ ചേരുന്നു
നിലയില്ല ഒഴുക്കിലായ് എൻ നിഴൽ
അകപ്പെട്ടുപോകുന്നു നിലവിളിക്കുന്നിതാ

ആദിത്യൻ തൻ പൊൻകിരണങ്ങളേറ്റാലും
ചെറുകാറ്റുതൻ കുളിർസ്പർശമേറ്റാകിലും
എൻ നിഴൽ തേടുന്നു ഒരൊളിത്താവളം
ഇരുട്ടിൻെ മാറിലേക്കൊട്ടും വരെ

ഭയപ്പെട്ടിട്ടോടുന്നു ഇന്നിന്റെ നിഴലുകൾ
വിറച്ചുചുരുങ്ങുന്നു കണ്ണുതുറക്കുമ്പോൾ
കഴിയുന്നില്ല അവയ്ക്കൊട്ടൊന്നു നീങ്ങുവാൻ
വെളിച്ചം അവയെ ഭയപ്പെടുത്തുന്നിതാ



പ്രഫുൽ വി രാജ്

# സാഹസം

പച്ചവിരിച്ചൊരു നെല്പാടത്തിൻ

മുകളിൽ തുമ്പികൾ പാറുംപോൽ
അറ്റം കാണാതാകാശത്തിൽ
പക്ഷിച്ചിറകുകൾ വീശുംപോൽ
സ്വപ്നത്തിന്റെ  വിമാനം കയറി
മനസ്സിൻ വേഗമളക്കും നാം
മഴവില്ലിന്റെ വലിപ്പം കാണാൻ
മാനത്തിൻവഴി തുഴയും നാം
ഇടറാതൊച്ചയുമറിയാതങ്ങനെ
ഒറ്റക്കയറിലെ കളിയാട്ടം
ഒച്ചവരച്ചൊരു നൂലൊന്നിന്മേൽ
കുനനുറുമ്പുകൾ വരിയാട്ടം
നീലക്കടലിന്നാഴം കണ്ടെൻ
മീനുകളുള്ളിൽ തുള്ളുമ്പോൾ
കാട്ടുകൾ ലഹരിപ്പട്ടിൻ കൊമ്പി
ലിരുന്നൊരു പച്ചവരിക്കുന്നു
മണലിൻ തീരത്തുയരാൻ വെമ്പും
കുഞ്ഞുമനസ്സൊരു പട്ടംപോൽ
മഴവില്ലിന്റെ കുടക്കയ്യിന്മേൽ
തൂങ്ങിവിടർന്നൂ ബാല്യങ്ങൾ

സാനറ്റ് ഷാജി

# കൗസല്യാവാക്യം

സൂര്യപ്രകാശമിടറുന്ന, പടർന്നിതാ കാർ-
മേഘം;പൊടിഞ്ഞു ചിതറുന്ന വിഷാദവർഷം
നീ മത്സുതേ, വഴിതെളിക്കുക കാന്തനിപ്പോൾ,
കാന്താരവാസമരുളട്ടെ നിതാന്തഹർഷം!
സ്നേഹിച്ചിടാം പതിയെ ജീവനുതുല്യ,മാപൽ-
ക്കാലത്തു വിട്ടുകളയാമിതു ലോകതത്ത്വം
ചാപല്യമാർന്ന വധുവിൻ മനമൊന്നിൽനിന്നും
വേറൊന്നിലേക്കു തിരിയാൻ ക്ഷണമെത്രവേണം?
നീ ധർമ്മപത്നി,വരനാശ്രയമേകിയാലും
മോദത്തിലും,വ്യഥ മനസ്സുകലുക്കിയാലും
ആകാശമർക്കകിരണങ്ങളണിഞ്ഞ മട്ടിൽ
സീതേ സമുജ്ജ്വല, യമൂല്യഗുണങ്ങളാൽ നീ
വീണയ്ക്കുവേണമുണരാൻ മൃദുതന്ത്രി;ചക്രം
വേണം രഥത്തിനുരുളാൻ,ദ്യുതി മാഞ്ഞുപോയാൽ
ശോഭിക്കുമോ മതി,പതിക്കു സമാനമാകി-
ല്ലാരും സതിക്കു, മറുപാതിയവൾക്കു നാഥൻ
മാതാപിതാക്കളെയുമുള്ളു പറിച്ചുനീട്ടും
ലോകത്തെയും തനിയെ വിട്ടു ദയാവിഹീനം
പോകുന്ന രക്ഷകനിതാ,കുലപത്നി! മേലിൽ
നീതന്നെയാണവനു രക്ഷ വനാന്തരത്തിൽ!

റിഥിൻ സജി

# കൊതുകിന്റെ കൊതി

**ക**തകു തുറന്നുട്ടിതിലെയെത്തി

വെറുതെ മൂളും വമ്പത്തി .

മുതുകാത്തല്പമിടം കണ്ടെത്തീ

പതിയെയിറക്കി ചെറു സൂചി

കൊതിതീർന്നപ്പോൾ വേഗം പാറി

മുതുക ചൊറിഞ്ഞൂ ഞാൻ നീറി.



തെരേസ റോയി

# തണുത്തുറഞ്ഞ മരുഭൂമികൾ

മരുഭൂമികൾ ചുട്ടുപൊള്ളുന്ന പ്രദേശങ്ങളാണെന്ന പറയുമ്പോൾ കൗതുകകരമായ ഒരു കാര്യം കൂടിയുണ്ട്.അന്റാർട്ടിക്കയിൽ തികച്ചും തണുത്തുറഞ്ഞ ചില മരുപ്രദേശങ്ങളുണ്ട്. ഫ്രോസൻ ഡെസർട്ട് എന്ന് അവയെ വിളിക്കാം.ഈ പ്രദേശത്ത് മഴ പെയ്തിട്ട് ആയിരക്കണക്കിന വർഷങ്ങളായി.ഏറ്റവുമധികം തണുപ്പ് അനുഭവപ്പെടുന്ന മരുഭൂമിയാണ് അന്റാർട്ടിക് മരുഭൂമി.-49 ഡിഗ്രി സെൽഷ്യസ് ആണ് ഇവിടത്തെ ശരാശരി താപനില.2010 ൽ -94.7 ഡിഗ്രി സെൽഷ്യസും 2013 ൽ -92.9 ഡിഗ്രി സെൽഷ്യസും രേഖപ്പെടുത്തിയിരുന്നു.ഇതാണ് ലോകത്തിൽ ഇന്നേവരെ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും താഴ്ന്ന താപനില.ഭൂമിയിലെ ഏറ്റവും വരണ്ട പ്രദേശം എന്ന പറയുമ്പോഴും ഇവിടെയാണ് ലോകത്തിലെ ശുദ്ധജലത്തിന്റെ 90 ശതമാനവുമുള്ളത്.പക്ഷേ ഇതെല്ലാം ഐസ് മലകളും പാളികളുമായിട്ടാണ് കാണപ്പെടുന്നത്.




ആരോമൽ പി എസ്

# ഉത്തരം

**ഒ**റ്റപ്പെട്ടു പോകുന്നത് വേദനയല്ല
തിരിച്ചറിവിന്റെ സംഗീതമാണത്
കൂറ്റപ്പെടുത്തലുകൾക്കു മേയാൻ
ഒരു പുൽത്തകിടിയാകുന്നതു ദു:ഖമല്ല
അപ്പോഴും മനസ്സിൽ മന്ദസ്ഥായിൽ
ഒരു ശ്രുതിയുണ്ടാവും
മറ്റുള്ളവർക്ക് കേൾക്കാനാവാത്തലയം
അക്ഷരങ്ങൾ കൊണ്ട്
അന്യനായി പോകരുത്
ആത്മാവിന്റെ വറുതിയല്ല.
അജ്ഞാതരാഗങ്ങളുടെ ഭാവപ്രകാശമാണ്
പിറവിയുടെ ദുഃഖത്താൽ കനംതൂങ്ങുന്ന ജീവിതം
ഒരു സമസ്യയല്ല
മറ്റുള്ളവർ വായിച്ചെടുക്കാത്ത ഉത്തരമാണത് .

മാത്യു സോജി

# വർഷം

**ക**ണ്ടുഞാൻ ആകാശപ്പരപ്പിൽ-
അഴകൊട്ട കാർമേഘ കൂട്ടങ്ങളെ ,
ആകാശമാകുന്ന ഓളപ്പരപ്പിൽ
നാട്യമതങ്ങനെ ചെയ്യുമ്പോൾ
അകലെയകലേനിന്നോരൊ
കാർമേഘപാളികൾ
ആകാശചെരുവിലൊളിച്ച
കാർമേഘ കൂട്ടങ്ങൾ
കണ്ണീരാൽ ഭൂമി നിറച്ചു.



എബിൻ ജോർജുകുട്ടി

# വൃക്ഷാലയം

മണ്ണിനടിയിലെ
കുരുക്കുകളുടെ കഥ
വേരുകൾ പകർത്തി
ശിഖരങ്ങളിൽ പൂവിടുന്ന
പുതിയ യാത്രാവിവരണങ്ങൾ
ഒളിഞ്ഞ വിത്തുകളുടെ ആത്മകഥ
മഴക്കാലത്ത്
ഒരു ശരിക്കവിതയായ്
മുളയ്ക്കുന്ന
വൃക്ഷം ഒരു ഗ്രന്ഥാലയം
അവിടെയുണ്ട്
പെയ്തൊഴിഞ്ഞ പേമാരികളുടെ
മഹാകാവ്യങ്ങൾ
ആഞ്ഞടിച്ച കൊടുങ്കാറ്റിന്റെ ഭാവഗീതങ്ങൾ
തടുത്തു തകർത്തു തണലായ്
താഴെക്കിട്ട വെയിൽപ്പാളികളുടെ
ആളിപ്പടരലുകൾ-
അവസാനിക്കാത്ത ഉപന്യാസങ്ങൾ.

ഡിനോ സജി

# ആമവിചാരം

**ക**ല്ലേറുകൊള്ളാം,സഹിക്കാം പുറത്താരും
കേൾക്കാതെ ജന്മം ശപിക്കാം
നാടെല്ലാമോടുമ്പോൾ നടുവേ കുതിക്കുവാൻ
പാഴ്മോഹമണികൾ കൊറിക്കാം.
തോൽവിക്കൊടിക്കുറയേന്തേണ്ടേ, കാണികൾ
നിന്ദാവചനങ്ങൾ ചാർത്തും
പത്തവതാരങ്ങൾ ജീവിക്കുമുണ്ടെങ്കിൽ
ഒരു മുയൽ ജന്മം കൊതിക്കാം.
പാതി ജന്മം കണ്ണുനീരിൽ തുഴഞ്ഞിടാം
ശേഷജന്മം മൺകരയിൽ
കാലും തലയും പഞ്ചേന്ദ്രിയമാണെന്നു
മാനുഷർ ഭാഷ്യം ചമച്ചു.
ധ്യാനത്തിലാണ് ഗുഹാമുഖത്തെന്നവർ
നിർവ്വചിക്കുന്നതും കേട്ടു
ഭാരിച്ച വേഷം പടച്ചട്ടയാണെന്നു
കണ്ടെത്തൽ കേട്ടു ചിരിച്ചു.
കാഴ്ചയും ശബ്ദവും പേടിച്ചു പേടിച്ചു
വാഴുന്നതല്ലേ മരണം?

നീനാ രാജൻ

# മലയാളം



**അ**റിവാകുന്ന വിദ്യാലയ-
തിരുമുറ്റത്ത് വാക്കുകളാൽ
പിച്ചനടക്കാൻ എന്നെ
പഠിപ്പിച്ചവൾ മലയാളം
ഞാനറിയാതെപോയ
അറിവിലേക്കും
ലോകത്തിലേക്കും എന്നെ
നയിച്ചവൾ മലയാളം
പുലരിപോലെ പൂത്തുലഞ്ഞ
പൂമരംപോലെ നിറപകി-
ട്ടാർന്നവൾ മലയാളം
പുലരിയിൽ വിടരും പൂവിൻ
സുഗന്ധമെൻ മലയാളം
മഴവില്ലിൽ ലയിച്ചുകിടക്കും
ഏഴുവർണ്ണമെൻ മലയാളം
രാക്കുയിലിൻ പാട്ടിലെ
സപ്തസ്വരമെൻ മലയാളം
പുല്ലാങ്കുഴലിൻ നാദംപോൽ
ഒഴുകിയകലും പുഴപോൽ
തഴുകിയകലും കാറ്റുപോൽ
എൻ മലയാളം! അമ്മ മലയാളം.

അമൃത ബിനു

# വർഷപാതമെവിടെ?

**ക**ന്നിയുടെ കരൾപിളർന്ന്
മണ്ണിലേക്കൊഴുകിയെത്തുന്ന
മഞ്ഞുപെയ്താലും
കുളിരുവാർന്നാലും
നിന്റെയാരവത്തിൻ
ശക്തി ചോരുമോ?
തുലാവൃശ്ചിക കാറ്റുമാഞ്ഞുപോയോ
തുണതേടുമിണക്കിളിയും പറന്നുപോയോ?



ജസ്റ്റിൻ ജെയിംസ്

# കാഴ്ച്ചകൾ

**കാ**ലമെന്ന മഹാമാന്ത്രികന്റെ
ജാലവിദ്യകൾ കണ്ടുനിൽക്കുമ്പോൾ
ഓർത്തെടുക്കാൻ നിറമുള്ളതൊന്നും
ഏറെയില്ലാത്ത ബാല്യം വിതുമ്പി
പൂക്കുലകൾ നിറഞ്ഞ മാവിന്റെ
ചോട്ടിലെന്റു തണലായിരുന്നു!
തൊട്ടടുത്തുള്ളയിലഞ്ഞിയിൽ നിന്നാ-
യെത്തിനോക്കിയ കാറ്റുപറഞ്ഞു.
"പൂക്കളെത്ര മനോഹരം, എന്റെ
രാത്രികൾ മദോന്മത്തമാക്കുന്നു."
പൂക്കൾ പോയി, ശലഭങ്ങൾ പോയി
മാഞ്ഞുപോയി മനോഹരദൃശ്യം
കൃത്രിമത്വം, കപടഭാവങ്ങൾ
നൃത്തമാടും അരങ്ങുകൾ മാത്രം.
ശാഖനീട്ടിവളർന്നമരങ്ങൾ
ശോകമൂകം തലതാഴ്ത്തി നിന്നു.
പക്ഷികൾ കൂടുതേടിപ്പറന്നു
കാട്ടുചോല നടനം മറന്നു
ഉള്ളിലാകെ മലീമസഗന്ധം
കാറ്റുവീശാൻ മടിച്ചു നിൽക്കുന്നു.
ഒച്ചയില്ല ബഹളങ്ങളില്ല
ദീർഘനിശ്വാസനിസ്വനം മാത്രം.

ജോമൽ പി ജോൺസൺ

# മനസ്സറിയാതെ

കരിഞ്ഞു കത്തുന്ന കാഴ്ചയാമീവിധം
ശിഥിലമോഹങ്ങൾ കനത്തു നിൽക്കവേ,
ഉരുൾപ്പകർച്ചയിൽ നോവുപാട്ടുകൾ
ഉയിരറ്റനാദമായ് പിന്നെയും തേടുന്നു.
പനിക്കലമ്പുകൾ സ്വപ്നരാത്രികളിൽ
പൊലിഞ്ഞ മോഹത്തിൻ പേക്കോലം കെട്ടിയാടുന്നു.
നീണ്ടുപോകുന്ന വഴിക്കണ്ണുകളിലെവിടെയോ
വിണ്ടുകീറിയ കാലടികൾ തീണ്ടിയൊടുങ്ങുന്നു.
പിടയ്ക്കും നെഞ്ചകം കനലുകാക്കുമ്പോൾ
മുഴക്കങ്ങളായുള്ള തകർന്നുപൊട്ടുന്നു.
കൊടും ഞരക്കങ്ങളാൽപിന്നെ വീർപ്പുമുട്ടി
എരിഞ്ഞവെയിലിൽ പിടഞ്ഞു നിൽക്കുന്നു.
ഇടക്കിടെയീ സാന്ത്വന  വർഷമേഘമെന്തിന് ?
ഇടർച്ചയാലെന്റെ പ്രഭാവം കെടുത്തുവതിനോ ?
അകൽച്ചയായൊരു സ്നേഹതീർത്ഥമേ മടിയാതെ
ഉറവയൂറ്റിയുണർത്തു പാട്ടായ് പെയ്തിറങ്ങുക.
ഒരു നനത്തസ്പർശമായുള്ളുണർത്തുവാൻ
എങ്ങുനിന്നെത്തുമെൻ ഹൃദയരാഗമേ ?

ജോസ്മി ജെയിംസ്

# സാന്ത്വനം

**ആ**ദ്യസാന്ത്വനം അമ്മ
മുലപ്പാലുംവാത്സല്യവും സമം
ചേർത്ത ആശ്വാസം.
പിന്നെ മറ്റു ചിലർ.
അച്ഛൻ അന്യനായി എവിടെയോ?
സഹോദരങ്ങളോടുള്ള മത്സരത്തിൽ
പരാജയം.
മുടന്തിവലിഞ്ഞ് അവർക്കൊപ്പമെത്തുന്നതെങ്ങനെ?
അവഗണനയും പരിഹാസവും
അമ്മ കൈവിട്ടു.
സഹോദരങ്ങൾ കൈവിട്ടു.
തെരുവ് കൈവിട്ടു
ജീവിതം കടൽക്കരയിലായി.
ഉയരങ്ങളിൽനിന്നും സാന്ത്വനം ഇറങ്ങി
വരുന്നതും കാത്ത് കുറെകഴിഞ്ഞു.
ഇപ്പോൾ സാന്ത്വനത്തിനായി കടലിന്റെ
ആഴങ്ങളിലേക്കുനോക്കി പ്രത്യാശയോടെ
ഉറക്കെ ഉറക്കെ കുരയ്ക്കുകയാണ്.

ലിവ്യാ ജോൺസൺ

# സ്വർണ ആപ്പിളുകൾ

ചൈനയിലെ ബിയാങ്



ഗ്രാമത്തിലെ ഒരു ആപ്പിൾ കൃഷിക്കാരനാണ്ചിൻ ഷിയാങ്.ഒരു ദിവസം അയാൾ വണ്ടി നിറയെ ആപ്പിളുമായി ഹെനാൻ പട്ടണത്തിലെക്ക് പോയി.തിളങ്ങുന്ന സ്വർണനിറമുള്ള ആപ്പിളുകളായിരുന്നത് !

ആളുകൾ ചുറ്റും കൂടി.അപ്പോൾ പ്രായം ചെന്ന ഒരു സന്യാസി അടുത്തെത്തി ചോദിച്ചു:ഇന്ന് ഒന്നും കഴിച്ചിട്ടില്ല.ഒരാപ്പിൾ തരാമോ?"

" ഹും!ഇത് ഞാൻ അധ്വാനിച്ച്







ഉണ്ടാക്കിയതാണ്.ദാനം ചെയ്യാനുള്ളതല്ല"ചിൻ ദേഷ്യപ്പെട്ടു.

"ഒരു വണ്ടി നിറയെ ആപ്പിളുണ്ടല്ലോ ഒന്നല്ലേ ചോദിച്ചുള്ളൂ."സന്യാസി യാചിച്ചു.

"വണ്ടി നിറയെ മാത്രമല്ല,തോച്ചം നിറയെ സ്വർണ ആപ്പിളുണ്ട്."ചിൻ പറഞ്ഞു.

" ഒരണ്ണം കൊടുക്കന്നേ"ഒരു യുവാവ് പറഞ്ഞു.ചിൻ ചോദിച്ചു

"കാശ് നിങ്ങൾ തരുമോ?"

"ഞാൻ തരാം,"അയാൾ ഒരു ആപ്പിൾ സന്യാസിക്ക് കൊടുത്തു.

സന്യാസി സാവധാനം അതു കടിച്ചു തിന്നു.എന്നിട്ട് അതിന്റെ കുരു എടുത്തു ചന്തയിയിൽ ഒഴിഞ്ഞ സ്ഥലത്ത് കുഴിച്ചിട്ട് പറഞ്ഞു.



"ആരെങ്കിലും ഇതിനൽപ്പം വെള്ളം കൊടുക്കൂ."

ഒരാൾ തോൾ സഞ്ചിയിൽ നിന്നും വെള്ളമെടുത്തു വിത്തു നനച്ചു.

അദ്ഭുതം...അടുത്ത നിമിഷം വിത്ത് മുളച്ച് ഇലകൾ വരാൻ തുടങ്ങി.ആളുകൾ നോക്കി നിൽക്കേ ചെടി മരമായി വളർന്നു. അത് പൂവിട്ടു.കായിച്ചു.കായ്കൾ പഴുത്ത് സ്വർണനിറമുള്ള ആപ്പിളുകളായി!

ആളുകൾ മരത്തിൽ കയറി ഇഷ്ടം പോലെ ആപ്പിൾ തിന്നു.അന്തം വിട്ടു നിൽക്കുന്ന ചിന്നിന് ഒരു ആപ്പിൾ കൊടുത്ത് സന്യാസി നടന്നു മറഞ്ഞു.

പട്ടണത്തിൽ തന്റെ ആപ്പിളുകൾ ഇനി ചിലവാകില്ലെന്ന് ചിന്നിന് മനസ്സിലായി.വണ്ടിയും തള്ളി അയാൾ ഗ്രാമത്തിലേക്ക് പോയി.

ജോസ്നാ ജോർജ്

# സ്വർണക്കിളി

**മ**ഞ്ഞമലയുടെ അടിവാരത്തെ മഞ്ഞകണിക്കൊന്നയിലാണ് മഞ്ഞക്കിളി കൂടുവെച്ചത്.സ്വർണ്ണക്കിളിയുടെ കൂടിനു ചുറ്റും സ്വർണക്കിളിയുടെ കൂട്ടുകാരും ഉണ്ടായിരുന്നു.സ്വർണക്കിളിയെ എല്ലാവർക്കും വലിയ ഇഷ്ടമാണ്.അവൾ പാവങ്ങളെ സഹായിക്കും. അതു കൊണ്ട് തന്നെ സ്വർണ്ണക്കിളിക്ക് ഒത്തിരി കൂട്ടുകാരുണ്ടായിരുന്നു.





സ്വർണ്ണക്കിളി കൂട്ടുകാർക്ക് സ്വർണ്ണളുവലുകൾ കൊടുക്കുന്ന വിവരം മഞ്ഞമലയിലെ കില്ലൻ ചെന്നായ അറിഞ്ഞു.

കില്ലൻ ചെന്നായ വിചാരിച്ചു.ഒരു സ്വർണ്ണളുവൽ തനിക്ക് കുട്ടിയാൽ തനിക്കും നല്ലൊരു വീട് പണിയാം.ഇഷ്ടമുള്ളതെല്ലാം വാങ്ങാം.



കില്ലൻ മഹാവികൃതിയും കള്ളനും ആയിരുന്നു.കില്ലനെ സ്വർണ്ണക്കിളിക്ക് തീരെ ഇഷ്ടമല്ല.കില്ലൻ പകലെല്ലാം ചുറ്റിക്കറങ്ങും.എല്ലാവരുടേയും വീടിന്റെ മുറ്റത്തും പറമ്പിലുമുള്ള സാധനങ്ങൾ കണ്ട്

വയ്ക്കും.രാത്രി ആയാൽ ഓരോ സാധനങ്ങളും ആരും കാണാതെ കട്ടെടുക്കും.അതിനാൽ മഞ്ഞമലയിലെ പക്ഷികളെല്ലാം കില്ലനെ എങ്ങനെയെങ്കിലും ഒന്നോടിച്ചാൽ മതിയെന്നു കരുതിയിരിക്കുകയായിരുന്നു.

കില്ലൻ സ്വർണ്ണക്കിളിയുടെ അടുത്തെത്തി.

“സ്വർണ്ണക്കിളീ.... സ്വർണ്ണക്കിളീ...

എന്റെ കുഞ്ഞുങ്ങൾക്ക് തീരെ സുഖമില്ല, എനിക്കൊരു സ്വർ ണ്ണത്തൂവൽ തരുമോ?”

കില്ലൻ പറഞ്ഞത് കളവാണന്ന് സ്വർണ്ണക്കിളിക്കറിയാം. എങ്കിലും അവൾ തൂവൽ കൊടുത്തിട്ട് പറഞ്ഞു:

“ഇനിയെങ്കിയും നിന്റെ വികൃതിയും കട്ടെടുക്കലും അവസാനിക്കണം.”

കില്ലൻ,സ്വർണ്ണക്കിളിയു ടെ തലയിൽ തൊട്ടു സത്യം ചെയ്തു.“ഇനി ഒരിക്കില്ലും ആരുടെയും ഒന്നും കട്ടെടുക്കില്ല”.

സ്വർണ്ണത്തൂവൽ കിട്ടിയ സന്തോഷത്തോടെ കില്ലൻ മഞ്ഞമലയിലേക്ക് യാത്രയായി.വീട്ടിലെത്തിയ കില്ലൻ സ്വർണ്ണക്കിളിയെ കുറിച്ചോർത്തു.

ജെസ്‌വിൻ ജോഷ്വാ

# കിങ്ങിണിപ്പൂച്ച



**കി**ങ്ങിണികെട്ടിയ കിന്നരിപ്പൂച്ച പുത്തനുടുപ്പിട്ട് പുഞ്ചപ്പാടത്ത് കൊയ്ത്തിന് പോകാനൊരുങ്ങി. കൊച്ചു മടിക്കുത്തിൽ പളപളാ മിന്നുന്ന പൊന്നരിവാൾ തിരുകിവച്ചു. വലിയ വട്ടപ്പൊട്ട് കുത്തി കിന്നരിപ്പൂച്ച കുണുങ്ങിക്കുണുങ്ങി കിങ്ങിണി പുഴയുടെ തീരത്തെത്തി .

കിങ്ങിണിയാറിന്റെ തീരത്തെത്തിയപ്പോഴോ ? തോണിയും തുഴയുമൊന്നുമില്ല . അങ്ങനെ വിഷമിച്ചു നിൽക്കുന്ന കിന്നരിപ്പൂച്ചയുടെ അടുത്തേക്ക് മണികണ്ഠനാന ഓടിയെത്തി .

കിന്നരിപ്പൂച്ച മണികണ്ഠനോട് ചോദിച്ചു :
"മണികണ്ഠനാനെ .... എന്നെ കിങ്ങിണിപ്പുഴയൊന്ന് കടത്താമോ?"

"അങ്ങനെയൊണങ്കിൽ ഞാൻ പുത്തരിച്ചോർ നൽകാം ."
പുത്തരിച്ചോർ എന്ന് കേട്ടപ്പോൾ തന്നെ മണികണ്ഠനാനയുടെ വയറു നിറഞ്ഞു .മണികണ്ഠനാന കിന്നരിപ്പൂച്ചയെ കിങ്ങിണിയാറു കടത്തി .

പുന്നെല്ലുമായ് തിരിച്ചെത്തിയ കിന്നരിപ്പൂച്ച പുത്തരിച്ചോർ വെക്കാൻ പുത്തൻ കലം വാങ്ങാൻ ചന്തയിലേക്കു പുറപ്പെട്ടു .പുത്തൻ

കലവുമായി തിരിച്ചെത്തിയ കിന്നരിപ്പൂച്ച പുതിയ അരി എടുക്കാൻ വീട്ടിനകത്തെത്തി

കിന്നരിപ്പൂച്ച അന്തം വിട്ടു.അരിമണി ഒരു തരിപോലുമില്ലാതെ അണ്ണാറക്കണ്ണൻ തിന്നു തീർത്തു .

കുറച്ചുനേരം കഴിഞ്ഞു . ഉച്ചയായപ്പോൾ മണികണ്ഠനാനയെത്തി . പുത്തിരിച്ചോറില്ലാതെ വിഷമിച്ചിരിക്കുന്ന കിന്നരിപ്പൂച്ചയെ കണ്ടപ്പോൾ മണികണ്ഠനാനയുടെ കണ്ണുനിറഞ്ഞു.ഒപ്പം കിന്നരിപ്പൂച്ചയെ സമാധാനിപ്പിച്ചു .

കാർത്തിക് എം ബി

# വിദ്യാഭ്യാസത്തിൽ കലകൾക്കുള്ള സ്ഥാനം

**വി**ദ്യാഭ്യാസം എന്ന് പറയുമ്പോൾ ബുദ്ധിയേയും കർമ്മശക്തിയേയും വളർത്തുക എന്നു മാത്രമല്ല നാം വിവക്ഷിക്കുന്നത്.മനുഷ്യന്റെ അന്തഃസത്തയെ വികസിപ്പിക്കുകയും ശുദ്ധമാക്കുകയും ചെയ്യുക, അവനിലുള്ള താണതരം വികാരങ്ങളെ മെരുക്കുകയും സൽ സ്വഭാവങ്ങളെ സംസ്കരിക്കുകയും ഇവയൊക്കെ വിദ്യാദ്യാസത്തിന്റെ മറ്റു ചില ലക്ഷ്യങ്ങളാണ്. ചിന്തിക്കാനും ആധുനിക ജീവിതത്തിന്റെ സങ്കീർണമായ ചുമതലകളെ ഏറ്റെടുക്കാനും കഴിവുള്ള ചെറുപ്പക്കാരെ സൃഷ്ടിക്കുക എന്നത് ഏതു രാഷ്ട്രത്തിന്റെയും നിലനിൽപ്പിന് തന്നെ ആവശ്യമാണ് ക്ലാസ്സ് മുറികളിലും ലാബോരട്ടറികളിലും ഒതുങ്ങി നിൽ ക്കാത്ത വിദ്യാഭ്യാസമുണ്ട്.സാഹിത്യത്തിന്റെയും കലകളുടേയും മനുഷ്യചരിത്രത്തിന്റെയും മണിയറകളിൽ നിന്നും മാത്രമേ ഇതു ലഭിക്കുകയുള്ളു .ഈ വിഭ്യാസമാണ് മനുഷ്യന്റെ ഏണം കോണം ചെത്തിമിനുക്കി അവന് ഒരു സംസ്ക്കാരസമ്പന്നന്റെ രൂപം നൽകുന്നത് .സാഹിത്യത്തിനും ചരിത്രത്തിനും മുമ്പുതന്നെ വിഭ്യാഭ്യാസത്തിൽ സ്ഥാനം നൽകിയിട്ടുണ്ട് .പക്ഷെ, കലകൾക്ക് സ്ഥാനം ഇപ്പോൾ നൽകി തുടങ്ങിയിട്ടേയുള്ളു.

അക്സാ ജെ എസ്

# ഹരിതം

മാനവാ നീ വിഭിന്നനല്ല
മാതാവാം ഭൂവിൽ നിന്നും വിഭിന്നനല്ല
മാലോകർ തൻ മാന്യമണക്കും
മലരോർമ്മകൾ എങ്ങോ മറഞ്ഞു.
കാലയവനികയ്ക്കുള്ളിൽ മറഞ്ഞ
മണ്ണും,മലകളും,മഴയും
മാനവൻ തൻ കൈക്രിയയല്ലോ.
ഉണരൂ മനുജാ നിൻ ജനനി തൻ
കണ്ണീർ തുടയ്ക്കാൻ
ഉണരൂ  മനുജാ നിൻ ജനനി തൻ
കുറുനിരകൾ തഴുകാൻ.

അഖിൽ ഷാജി

# പ്രസംഗം ഒരു കല

പ്രസംഗം ഒരു കലയാണ്.ആയിരങ്ങളെ ആവേശഭരിതരാക്കാൻ കഴിവുള്ള ഒരു കല. മനുഷ്യമനസിനെ ഉണർത്താനും ഉത്തോജിപ്പിക്കാനും ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും പ്രസംഗത്തിനു കഴിയും

ആശയവിനിമയത്തിനായി മനുഷ്യൻ സ്വീകരിക്കുന്ന രണ്ടു മാർഗങ്ങൾ എഴുത്തും പറച്ചിലുമാണ്-വരമൊഴിയും വാമൊഴിയും.ഇവ രണ്ടും ആശയപ്രചാരണത്തിനായി യഥേഷ്ടം ഉപയോഗിക്കുന്നു.എഴുതി പ്രകാശിപ്പിക്കുന്ന കാര്യങ്ങൾ അഭ്യസ്തവിദ്യരായ കുറച്ചുപേർക്കു മാത്രം ഉപകാരപ്പെടുമ്പോൾ, പറയപ്പെടുന്ന പ്രസംഗങ്ങൾ സർവജനങ്ങളേയും സ്പർശിക്കുന്നു. അതായത് എഴുത്തിനേക്കാൾ ജനകീയസ്വഭാവം പ്രസംഗത്തിനുണ്ട് എന്നർഥം അതിനാൽ പ്രസംഗം ഒരു ജനകീയകലയാണ് എന്നു പറയാം.

വിശ്വസാഹിത്യകാരനായ ലിയോ ടോൾസ്റ്റോയി ഒരിക്കൽ പറഞ്ഞു. “എല്ലാ നല്ല കലകളുടേയും ലക്ഷ്യം മനുഷ്യന്റെ മനസിലെ നന്മകളെ ഉണർത്തുകയും ഉയർത്തുകയും ചെയ്യുക

യാണ്.പ്രസംഗകലയുടെ ലക്ഷ്യവും ഇതുതന്നെ.”

ഏറെ ജനപ്രീതി പിടിച്ചുപറ്റാൻ കഴിയുന്ന കലാരൂപമാണ് പ്രസംഗം. പ്രസംഗകലയുടെ പ്രാധാന്യം മനസിലാക്കി അതിന്റെ ശക്തിയും സൗന്ദര്യവും എങ്ങനെ സ്വന്തമാക്കാം എന്ന അന്വേഷണവും അതിനുവേണ്ടിയുള്ള പരിശ്രമവും നടത്തുന്ന ഏതൊരാൾക്കും ഈ കലയിൽ വിജയിക്കാൻ കഴിയും.



ആഷ്‌വി ജോർജി റ്റെന്നി

# നന്ദി

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഇ ളുലിക മാഗസിനിൽ ഞങ്ങളോട് സഹകരിച്ച എല്ലാ കൈറ്റ് അംഗങ്ങൾക്കും ഞങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ തന്ന് സഹായിച്ച സ്കൂൾ ഹെഡ്മാസ്റ്റർ മറ്റ് അദ്ധ്യാപകർ എല്ലാവരോടും ഞങ്ങൾക്കുള്ള നന്ദി.



കൈറ്റ് മാസ്റ്റർ